(4) കോളേജ് കൗൺസിലിന്റെ തീരുമാനങ്ങൾ നടപ്പാക്കേണ്ട ബാദ്ധ്യത ചെയർമാനായിരിക്കുന്നതാണ്. സാധാരണഗതിയിൽ തീരുമാനങ്ങൾ മാറ്റം കൂടാതെ നടപ്പാക്കേണ്ടതാണ്.

എന്നാൽ പരാതി ഉള്ളപക്ഷം അപ്രകാരമുള്ള തീരുമാനത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് ചെയർമാന് തീരുമാനമെടുക്കാവുന്നതും പ്രസ്തുത തീരുമാനങ്ങൾ എന്തുകൊണ്ട് എടുത്തുവെന്ന് ചെയർമാൻ കോളേജ് കൗൺസിലിന്റെ തൊട്ടടുത്ത യോഗത്തിൽ വിശദീകരിക്കേണ്ടതുമാണ്.

**<u>6. കോളേജ് യൂണിയൻ</u>** - സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കോളേജുകൾ, സ്ഥാപനങ്ങൾ, സ്വയംഭരണ കോളേജുകൾ, അനുബന്ധ കോളേജുകൾ, അക്കാദമിക സ്വയംഭരണം നൽകിയ കോളേജുകൾ തുടങ്ങിയവയിൽ ഒരു കോളേജ് യൂണിയൻ അത് ഏത് പേരിൽ അറിയപ്പെട്ടാലും ഉണ്ടായിരിക്കേണ്ടതാണ്. ഈ സ്റ്റാറ്റ്യൂട്ടുകൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിനുള്ളിൽ കോളേജ് യൂണിയൻ രൂപീകരിക്കേണ്ടതാണ്. രൂപീകരിച്ച വിവരം സർവ്വകലാശാലയെ അറിയിക്കേണ്ടതാണ്.

എന്നാൽ സർവ്വകലാശാലയിലെ പഠനവകുപ്പുകൾക്ക് ആകെയായി കോളേജ് യൂണിയന് സമാനമായ ഒരു സമിതി, അതിൻെറ ഘടന, രൂപീകരണം, അധികാരങ്ങൾ, കടമകൾ, കർത്തവ്യങ്ങൾ എന്നിവയെ സംബന്ധിച്ച് സിൻഡിക്കേറ്റ് തീരുമാനിക്കേണ്ടതാണ്.

1. <u>കോളേജ് യൂണിയന്റെ രൂപീകരണം</u> - കോളേജ് യൂണിയന് ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്. അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

(i) ചെയർപേഴ്സൺ;

(ii) വൈസ് ചെയർപേഴ്സൺ;

(iii) ജനറൽ സെക്രട്ടറി;

(iv) മാഗസിൻ എഡിറ്റർ;

(v) ആർട്സ് ക്ലബ്ബ് സെക്രട്ടറി;

(vi) സർവ്വകലാശാല യൂണിയൻ ജനറൽ കൗൺസിലിൻെറ തിരഞ്ഞെടുപ്പ് മണ്ഡലത്തിലേക്കുള്ള കൗൺസിലർമാർ (ഈ സ്റ്റാറ്റ്യൂട്ടുകളിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ജനറൽ കൗൺസിലിലെ മണ്ഡലങ്ങളിൽ കൗൺസിലർമാരുടെ എണ്ണം സർവ്വകലാശാല നിശ്ചയിക്കുന്ന പ്രകാരമായിരിക്കും);

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(vii) ഓരോ ബിരുദ പഠനകോഴ്സിലെയും വിദ്യാർത്ഥികളെ പ്രതിനിധീകരിക്കുന്ന ഒരു വിദ്യാർത്ഥി;

(viii) ഓരോ ബിരുദാനന്തരബിരുദ പഠനകോഴ്സിലെയും വിദ്യാർത്ഥികളെ പ്രതിനിധീ കരിക്കുന്ന ഒരു വിദ്യാർത്ഥി;

(ix) വിദ്യാർത്ഥിനികളുണ്ടെങ്കിൽ അവരെ പ്രതിനിധീകരിക്കുന്ന വിദ്യാർത്ഥിനികൾ (എണ്ണം സർവ്വകലാശാല നിശ്ചയിക്കുന്ന പ്രകാരമായിരിക്കും);

(x) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിനി ഇല്ലെങ്കിൽ എക്സിക്യൂട്ടീവ് കമ്മിറ്റി നാമനിർദ്ദേശം ചെയ്യുന്ന പട്ടി കജാതിയിലോ പട്ടികവിഭാഗത്തിലോപെട്ട ഒരു വിദ്യാർത്ഥി;

(xi) പേട്രൻ കം ട്രഷറർ - പ്രിൻസിപ്പൽ/സ്ഥാപനമേധാവി/ചാർജ്ജുള്ള അദ്ധ്യാപ കൻ (എക്സ്-ഒഫിഷ്യോ);

(xii) സ്റ്റാഫ് അഡ്വൈസർ (എക്സ്-ഒഫിഷ്യോ) - പ്രിൻസിപ്പൽ/സ്ഥാപനമേ ധാവി/ചാർജ്ജുള്ള അദ്ധ്യാപകൻ നാമനിർദ്ദേശം ചെയ്യുന്ന ഒരദ്ധ്യാപകൻ;

(xiii) എക്സിക്യൂട്ടീവ് കമ്മിറ്റി നാമനിർദ്ദേശം ചെയ്യുന്ന സ്പോർട്സ് സെക്രട്ടറി ആയ ഒരു വിദ്യാർത്ഥി;

**2.** <u>കോളേജ് യൂണിയന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ക്വാറവും യോഗങ്ങളും</u> - (1) എക്സി ക്യൂട്ടീവ് കമ്മിറ്റിയുടെ ഏതൊരു യോഗത്തിന്റെ ക്വാറം ആകെയംഗങ്ങളുടെ പകുതിയായി രിക്കുന്നതാണ്.

(2) എക്സിക്യൂട്ടീവ് കമ്മിറ്റി സാധാരണയായി രണ്ട് മാസത്തിൽ ഒരിക്കലെങ്കിലും കൂടേ ണ്ടതാണ്.

എന്നാൽ അടിയന്തിര വിഷയങ്ങൾ ചർച്ച ചെയ്യാൻ എപ്പോൾ വേണമെങ്കിലും എക്സി ക്യൂട്ടീവ് കമ്മിറ്റിക്ക് യോഗം കൂടാവുന്നതാണ്.

(3) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധാരണയോഗങ്ങൾക്ക് മൂന്ന് വ്യക്തമായ ദിവസങ്ങളുടെ മുൻകൂർ നോട്ടീസ് നൽകേണ്ടതാണ്.

എന്നാൽ അടിയന്തിര യോഗങ്ങൾ ബഹുമാനാർത്ഥനായ പേട്രൻ കം ട്രഷററുമായും സ്റ്റാഫ് അഡ്വൈസർമായും കൂടിയാലോചിച്ച് ചെയർമാന് അടിയന്തര യോഗം വിളിച്ചു

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൂട്ടാവുന്നതാണ്. അത്തരം യോഗങ്ങളിൽ എല്ലാ അംഗങ്ങൾക്കും സമയബന്ധിതമായി അറിയിപ്പ് നൽകേണ്ടതാണ്.

(4) യോഗങ്ങൾക്കുള്ള അജണ്ടയും മറ്റു രേഖകളും യോഗം കൂടുന്നതായുള്ള നോട്ടീസും അംഗങ്ങൾക്ക് ജനറൽ സെക്രട്ടറി നൽകേണ്ടതാണ്.

(5) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ എല്ലാ തീരുമാനവും തത്സമയം സന്നിഹിതരായിരിക്കുന്ന അംഗങ്ങളുടെ ഭൂരിപക്ഷ തീരുമാനം അനുസരിച്ചായിരിക്കേണ്ടതാണ്.

(6) അജണ്ട കുറിപ്പുകളോ മറ്റു രേഖകളോ നോട്ടീസോ ഏതെങ്കിലും അംഗത്തിന് ലഭിച്ചില്ലായെന്ന കാരണം യോഗതീരുമാനങ്ങളെ അസാധുവാക്കുന്നതല്ല.

(7) യോഗങ്ങൾക്കുള്ള നടപടിക്രമം എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുന്നപ്രകാരമായിരിക്കുന്നതാണ്.

(8) യോഗതീരുമാനങ്ങൾ പേട്രൻ കം ട്രഷറർക്ക് ജനറൽ സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാണ്. യോഗതീരുമാനങ്ങൾ സാധാരണഗതിയിൽ അതേപടി പേട്രൻ കം ട്രഷറർ ജനറൽ സെക്രട്ടറിയുമായി കൂടിയാലോചിച്ച് നടപ്പാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ പേട്രൻ കം ട്രഷറർ തീരുമാനത്തോട് വിയോജിക്കുന്നുവെങ്കിൽ അക്കാര്യം രേഖാമൂലം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തൊട്ടടുത്ത യോഗത്തെ അറിയിക്കേണ്ടതും എക്സിക്യൂട്ടീവ് കമ്മിറ്റി ഉചിതമായ തീരുമാനം എടുക്കേണ്ടതുമാണ്. പേട്രൻ കം ട്രഷറർ എടുത്ത തീരുമാനത്തിന് വിരുദ്ധമായി എടുത്ത തീരുമാനമാണ് എക്സിക്യൂട്ടീവ് കമ്മിറ്റി എടുക്കുന്നുവെങ്കിൽ, അതിനോട് പേട്രൻ കം ട്രഷറർ യോജിക്കുകയും ചെയ്യാത്ത സാഹചര്യത്തിൽ ആ വിഷയം കോളേജ് കൗൺസിലിന്റെ തീരുമാനത്തിന് വിടേണ്ടതും കോളേജ് കൗൺസിലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

3. <u>കോളേജ് യൂണിയന്റെ ഔദ്യോഗിക ഭാരവാഹികളും അവരുടെ അധികാരങ്ങൾ, കടമകൾ, കർത്തവ്യങ്ങൾ</u> - (1) ചെയർമാൻ, വൈസ് ചെയർമാൻ, ജനറൽ സെക്രട്ടറി, മാഗസിൻ എഡിറ്റർ, ആർട്സ് ക്ലബ്ബ് സെക്രട്ടറി, സ്പോർട്സ് സെക്രട്ടറി, പേട്രൻ കം ട്രഷറർ, സ്റ്റാഫ് അഡ്വൈസർ എന്നിവർ കോളേജ് യൂണിയന്റെ ഔദ്യോഗിക ഭാരവാഹികൾ ആയിരിക്കുന്നതാണ്

(2) ചെയർമാൻ - കോളേജ് യൂണിയന്റെ യോഗങ്ങളിലും പരിപാടികളിലും അദ്ധ്യക്ഷം വഹിക്കുന്നത് ചെയർമാനായിരിക്കുന്നതാണ്. ചെയർമാന്റെ അഭാവത്തിൽ വൈസ് ചെയർമാൻ അദ്ധ്യക്ഷത വഹിക്കും. ചെയർമാന്റെയും വൈസ് ചെയർമാന്റെയും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അഭാവത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ തങ്ങൾക്കിടയിൽ നിന്നും ഒരാളെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കേണ്ടതാണ്.

(3) വൈസ് ചെയർമാൻ - സ്ഥാപനത്തിൽ പെൺകുട്ടികളും ആൺകുട്ടികളും വിദ്യാർത്ഥികളായിട്ടുണ്ടെങ്കിൽ, വൈസ് ചെയർമാൻ ഒരു വനിതയായിരിക്കേണ്ടതാണ്. ചെയർമാന്റെ അഭാവത്തിലോ ചെയർമാൻ ആവശ്യപ്പെടുന്ന സാഹചര്യത്തിലോ ചെയർമാനിൽ നിക്ഷിപ്തമായ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതാണ്.

(4) ജനറൽ സെക്രട്ടറി - ഏതൊരു പഠനകോഴ്സിലെയും അവസാനവർഷ വിദ്യാർത്ഥി അല്ലാത്ത ഒരു വിദ്യാർത്ഥി ജനറൽ സെക്രട്ടറിയായിരിക്കേണ്ടതാണ്. കോളേജ് യൂണിയന്റെ എല്ലാ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും ജനറൽ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങളും നിർദ്ദേശങ്ങളും നടപ്പാക്കുന്നത് പേട്രൻ/ട്രഷററുടെ അംഗീകാരത്തോടെ ജനറൽ സെക്രട്ടറിയായിരിക്കുന്നതാണ്. കോളേജ് യൂണിയന്റെ എല്ലാ ബിസ്സിനസ്സും നടത്തേണ്ടതും റെക്കോർഡുകൾ സൂക്ഷിക്കേണ്ടതും ജനറൽ സെക്രട്ടറിയായിരിക്കുന്നതാണ്.

(5) മാഗസിൻ എഡിറ്റർ - ഏതൊരു പഠനകോഴ്സിലെയും അവസാനവർഷ വിദ്യാർത്ഥി അല്ലാത്ത ഒരു വിദ്യാർത്ഥി മാഗസിൻ എഡിറ്റർ ആയിരിക്കേണ്ടതാണ്. മാഗസിൻ പ്രസിദ്ധീകരിക്കേണ്ട ചുമതല മാഗസിൻ എഡിറ്റർക്കായിരിക്കുന്നതാണ്. മാഗസിൻ എഡിറ്ററെ സഹായിക്കാൻ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു എഡിറ്റോറിയൽ ബോർഡ് ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

(i) പ്രിൻസിപ്പൽ/സ്ഥാപനമേധാവി/ചുമതലയുള്ള അദ്ധ്യാപകൻ;

(ii) മാഗസിൻ എഡിറ്റർ (കൺവീനർ);

(iii) കോളേജ് യൂണിയൻ ചെയർമാൻ;

(iv) കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി;

(v) എക്സിക്യൂട്ടീവ് കമ്മിറ്റി നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് വിദ്യാർത്ഥികൾ;

(vi) എക്സിക്യൂട്ടീവ് കമ്മിറ്റി നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അദ്ധ്യാപകർ, അവരിൽ ഒരാൾ വനിത (ഇവരിൽ ഒരാൾ സ്റ്റാഫ് എഡിറ്ററായി പ്രവർത്തിക്കും).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(6) ആർട്സ് ക്ലബ്ബ് സെക്രട്ടറി - സ്ഥാപനത്തിലെ വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, നടത്തുക തുടങ്ങിയവ ആർട്സ് ക്ലബ്ബ് സെക്രട്ടറിയുടെ ചുമതലയായിരിക്കുന്നതാണ്.

(7) സ്പോർട്സ് സെക്രട്ടറി - കോളേജ് യൂണിയന്റെ പൊതുനിർദ്ദേശങ്ങൾക്ക് വിധേയമായി സ്ഥാപനത്തിൽ കായികം, ഗെയിംസ്, മറ്റു ശാരീരികക്ഷമതാ പ്രവൃത്തികൾ ബന്ധപ്പെട്ട സമിതികളുമായി കൂടിയാലോചിച്ച് സംഘടിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതിന്റെ ചുമതല സ്പോർട്സ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(8) പേട്രൻ കം ട്രഷറർ - കോളേജ് യൂണിയൻ ഫണ്ട് കൈകാര്യം ചെയ്യേണ്ടത് പേട്രൻ കം ട്രഷററും കോളേജ് യൂണിയൻ അല്ലെങ്കിൽ സമാന നികായത്തിന്റെ ജനറൽ സെക്രട്ടറിയും ചേർന്നായിരിക്കും. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുൻകൂർ അനുമതിയോടുകൂടി കോളേജ് യൂണിയന്റെ പ്രവർത്തനങ്ങൾക്കുള്ള ചെലവ് ഈ ഫണ്ടിൽ നിന്നും വകകൊള്ളിക്കേണ്ടതാണ്. കോളേജ് യൂണിയന്റെ വരവ് ചെലവ് കണക്കുകൾ പേട്രൻ കം ട്രഷറർ തയ്യാറാക്കേണ്ടതും സൂക്ഷിക്കേണ്ടതും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്.

(9) സ്റ്റാഫ് അഡ്വൈസർ - പ്രിൻസിപ്പൽ/സ്ഥാപനമേധാവി/ചാർജ്ജുള്ള അദ്ധ്യാപകൻ നാമനിർദ്ദേശം ചെയ്യുന്ന സ്ഥാപനത്തിലെ ഒരു സീനിയർ അദ്ധ്യാപകൻ കോളേജ് യൂണിയന്റെ സ്റ്റാഫ് അഡ്വൈസർ ആയിരിക്കുന്നതാണ്. കോളേജ് യൂണിയൻ അല്ലെങ്കിൽ സമാന നികായത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ആവശ്യമായ ഉപദേശങ്ങൾ നൽകാനും ചുമതലപ്പെട്ട ആളായിരിക്കുന്നതാണ്.

4. <u>കോളേജ് യൂണിയന്റെ ഔദ്യോഗിക ഭാരവാഹികൾ അല്ലാത്തവരുടെ അധികാരങ്ങൾ, ചുമതലകൾ, കർത്തവ്യങ്ങൾ</u> - (1) എക്സിക്യൂട്ടീവ് കൗൺസിലിലെ വിവിധ ബിരുദതല പഠനകോഴ്സിലെ വിദ്യാർത്ഥികളെ പ്രതിനിധീകരിക്കുന്ന വിദ്യാർത്ഥി പ്രതിനിധികളും വിവിധ ബിരുദാനന്തര ബിരുദ പഠനകോഴ്സിലെ വിദ്യാർത്ഥികളെ പ്രതിനിധീകരിക്കുന്ന വിദ്യാർത്ഥി പ്രതിനിധികളും അതാത് തലത്തിലുള്ള പഠനവിഭാഗം മേധാവിയുമായി അതാത് തലത്തിലുള്ള പഠനകോഴ്സുകളിലെ പരിപാടികൾ സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട പ്രതിനിധി ബിരുദതലത്തിലും ബിരുദാനന്തര തലത്തിലുമുള്ള ഓരോ പഠനകോഴ്സിനെയും സംബന്ധിച്ച വിഷയങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ശിപാർശകൾ നടത്തുകയും ഉചിത തീരുമാനങ്ങൾ എടുപ്പിക്കുകയും ചെയ്യേണ്ടതാണ്. ബിരുദതലത്തിലും ബിരുദാനന്ത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

രതലത്തിലും ഉള്ള ഓരോ പഠനവിഭാഗത്തിനും, പഠനവിഭാഗം മേധാവിയെ അദ്ധ്യക്ഷനായും ബന്ധപ്പെട്ട പ്രതിനിധിയും, അവർ രണ്ടുപേരും കൂടി കൂടിയാലോചിച്ച് നിശ്ചയിക്കുന്ന അദ്ധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന ഒരു പഠനകോഴ്സ് അസോസിയേഷനുകൾ പ്രത്യേകം രൂപീകരിക്കേണ്ടതാണ്. കോളേജ് യൂണിയന്റെ ഫണ്ടിൽ നിന്നും അസോസിയേഷന്റെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എക്സിക്യൂട്ടീവ് കൗൺസിലിന് അനുവദിക്കാവുന്നതാണ്.

5. <u>കോളേജ് യൂണിയന്റെ അധികാരങ്ങൾ, ചുമതലകൾ, കർത്തവ്യങ്ങൾ</u> - (1) കോളേജ് യൂണിയന്റെ പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ സ്ഥലസൗകര്യങ്ങൾ പ്രിൻസിപ്പൽ/സ്ഥാപനമേധാവി/ചുമതലയുള്ള അദ്ധ്യാപകൻ അനുവദിക്കേണ്ടതാണ്.

(2) സ്പോർട്സ്, ഗെയിംസ്, മറ്റു കായികക്ഷമതാ പരിപാടികൾ, കല, സാംസ്കാരിക, അക്കാദമിക, സാമൂഹിക തുടങ്ങിയ വിവിധതരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടത്തുന്നതിനും കോളേജ് യൂണിയന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അസോസിയേഷനുകളും ക്ലബ്ബുകളും രൂപീകരിക്കേണ്ടതാണ്.

(3) കോളേജ് യൂണിയന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പൊതുനയം തയ്യാറാക്കേണ്ടതാണ്. അക്കാദമിക വർഷത്തിന്റെ ആരംഭത്തിൽ അതിന്റെ പ്രവർത്തനങ്ങൾക്കും അസ്സോസിയേഷനുകളുടെയും ക്ലബ്ബുകളുടെയും സമാനമായ നികായങ്ങളുടെയും പ്രവർത്തനത്തിന് ആവശ്യമായ ധനകാര്യ എസ്റ്റിമേറ്റുകളും എക്സിക്യൂട്ടീവ് കമ്മിറ്റി തയ്യാറാക്കേണ്ടതാണ്. കോളേജ് യൂണിയൻ ഫണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്കും പ്രവർത്തനങ്ങൾക്കുമുള്ള തുക വകകൊള്ളിക്കേണ്ടതാണ്.

(4) കോളേജ് യൂണിയൻ കോളേജ് കൗൺസിലുമായി കൂടിയാലോചിച്ച് നേതൃത്വപരിശീലന പദ്ധതികളും മറ്റു പ്രൊഫഷണൽ നികായങ്ങളുടെ സഹായത്തോടെ വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്താനും നേതൃപാടവഗുണങ്ങൾ വളർത്താനുമുള്ള പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

(5) സ്ഥാപനത്തിൽ സംഘടിപ്പിക്കുന്ന കലാ, കായിക, മറ്റു ശാരീരിക ക്ഷമതാ പദ്ധതികൾ, സാംസ്കാരിക, അക്കാദമിക തുടങ്ങിയ എല്ലാ പാഠ്യാനുബന്ധ പരിപാടികൾക്കും പഠ്യേതര പരിപാടികളിലും സജീവമായ നേതൃത്വവും പങ്കാളിത്തവും ഉറപ്പാക്കേണ്ടതാണ്.

6. <u>കോളേജ് യൂണിയനിലേക്കുള്ള തെരഞ്ഞെടുപ്പ്</u> - സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളിൽ നടത്തേണ്ട തെരഞ്ഞെടുപ്പ് സംബന്ധിച്ച തീയതി, രീതി, തെര

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള യോഗ്യത, തെരഞ്ഞെടുപ്പ് ചെലവ്, ധനകാര്യ ചുമതല, മത്സരാർത്ഥികൾക്കും തെരഞ്ഞെടുപ്പ് നടത്തുന്നവരുടെയും പ്രവൃത്തിസംബന്ധിച്ച ചുമതലകളും പരിമിതികളും, നിയമസമാധാന പരിപാലനം, തെരഞ്ഞെടുപ്പ് പരാതികൾ, തർക്കങ്ങൾ സംബന്ധിച്ച കാര്യങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച് സർവ്വകലാശാല കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന റെഗുലേഷനുകളോ ചട്ടങ്ങളോ ഉത്തരവുകളോ നിർദ്ദേശങ്ങളോ അനുസരിച്ചായിരിക്കും തിരഞ്ഞെടുപ്പ് നടത്തുക. കോളേജ് യൂണിയനിലെ വിദ്യാർത്ഥി പ്രതിനിധികളെയും ആക്ടിലും സ്റ്റാറ്റ്യൂട്ടുകളിലും വ്യവസ്ഥ ചെയ്യുന്ന വിദ്യാർത്ഥി പ്രതിനിധികളെയും തെരഞ്ഞെടുക്കേണ്ടത് സംബന്ധിച്ച രീതി അവ മറ്റു വിധത്തിൽ ആക്ടിലും സ്റ്റാറ്റ്യൂട്ടിലും വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ, സർവ്വകലാശാല നിശ്ചയിക്കുന്നപ്രകാരമായിരിക്കുന്നതാണ്.

7. <u>കോളേജ് യൂണിയന്റെ ഔദ്യോഗിക കാലാവധി</u> - കോളേജ് യൂണിയന്റെ ഔദ്യോഗിക കാലാവധി അക്കാദമിക വർഷത്തിന്റെ അവസാന തീയതി വരെയോ അല്ലെങ്കിൽ തെരഞ്ഞെടുപ്പ് നടത്തി എക്സിക്യൂട്ടീവ് രൂപീകരിച്ച തീയതി മുതൽ ഒരു വർഷമോ ഏതാണോ ആദ്യം സംഭവിക്കുന്നത് അത് വരെയായിരിക്കുന്നതാണ്.

എന്നാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ സ്ഥാപനത്തിന്റെ പ്രിൻസിപ്പൽ/സ്ഥാപനമേധാവി/ചാർജ്ജുള്ള അദ്ധ്യാപകന് കോളേജ് കൗൺസിലുമായി കൂടിയാലോചിച്ച് തത്സമയം നിലവിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി മൂന്ന് മാസം കൂടി നീട്ടാവുന്നതാണ്.

എന്നുമാത്രമല്ല അതിനിടയിൽ തെരഞ്ഞെടുക്കപ്പെട്ട പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി നിലവിൽ വരുന്നദിവസം, നിലവിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി അവസാനിച്ചതായി കണക്കാക്കുന്നതാണ്. നിലവിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി തീരുന്നതിന് രണ്ട് മാസം മുമ്പെങ്കിലും പ്രിൻസിപ്പൽ/സ്ഥാപനമേധാവി/ചാർജ്ജുള്ള അദ്ധ്യാപകൻ പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>7. കോളേജ് സ്പോർട്സ് കൗൺസിൽ</u>** - സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കോളേജുകൾ, സ്ഥാപനങ്ങൾ, സ്വയംഭരണ കോളേജുകൾ, അനുബന്ധ കോളേജുകൾ, അക്കാദമിക സ്വയംഭരണം നൽകിയ കോളേജുകൾ എന്നിവയിലും സർവ്വകലാശാല ബോർഡ് ഓഫ് ഗവർണേഴ്സ് നിശ്ചയിക്കുന്ന മറ്റു അക്കാദമിക സ്ഥാപനങ്ങളിലും ഒരു കോളേജ് സ്പോർട്സ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്. വിദ്യാർത്ഥികളും അദ്ധ്യാപകരും അടങ്ങുന്ന പ്രസ്തുത കോളേജ് സ്പോർട്സ് കൗൺസിലിലെ അല്ലെങ്കിൽ സ്ഥാപനത്തിനെ സംബന്ധിക്കുന്ന എല്ലാ കായിക, ഗെയിംസ്, മറ്റു ശാരീരികക്ഷമതാ പരിപാടികൾ നടത്തുകയും മേൽനോട്ടം വഹിക്കു

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/